കേരള സർക്കാർ

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി1)1921/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 30.11.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട്ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം (പി1)1921/2016 തീയതി.30.11.2016

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 29.9.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 7.10.2016 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01.01.2016 മുതൽ 14.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി. സുരേഷ് രാജു<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2016മുതൽ 22.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. പി.കെ. മിനു.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു സദാനന്ദൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ്. സി.എം,<br>ഓഡിറ്റർ |
| | ശ്രീമതി. റീന ആർ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എം.എസ്. രാജി | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീ. കെ. രാജു | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. വാസുദേവ ശർമ്മ | 01.04.2015മുതൽ 31.03.2016വരെ |

നിർവ്വഹണോദ്യോഗസ്ഥൻ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. എം.പി. അംബുജം | 01.04.2015മുതൽ 30.04.2016 വരെ |
| | ശ്രീ. തോമസ്.പി.ജോൺ | 01.05.2016 മുതൽ 31.05.2016 വരെ |

| | | |
|---|---|---|
| | ശ്രീ. റ്റി. എം. ദനേശ് | 02.05.2016 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജയ മരിയ ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ആശാപോൾ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. അനിൽകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അമൃത.എം.ടി | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രാജലക്ഷ്മി | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. കടയിരുപ്പ് | ശ്രീ. ശ്രീകാന്ത് ശ്രീധർ | 1.4.2015മുതൽ 28.05.2016 വരെ |
| | ശ്രീ. രാജേഷ് കെ. നായർ | 29.05.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ, കോലഞ്ചേരി | ശ്രീമതി. ഷക്കീന.എം.കെ | 1.4.2015 മുതൽ 30.6.2015 വരെ |
| | ശ്രീ. ശിവൻ കെ.കെ | 06.10.2015 മുതൽ 31.03.2016 വരെ (01.07.2015 മുതൽ 05.10.2015 വരെ ഒഴിവ്) |
| ഹെഡ് മാസ്റ്റർ, എൽ.പി.എസ്. കടയിരുപ്പ് | ശ്രീ. രാജൻ. സി.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ് മിസ്ട്രസ്സ് എൽ.പി.എസ്, വാണിയപ്പിള്ളി | ശ്രീമതി. എൻ.എം. കുസുമം | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റഫീന ബീവി | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1. ശ്രീമതി. രാധാമണി. എൻ.കെ | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വണത്തിലെ കാര്യപ്രാപ്തി | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | അഭ്യന്തര നിയന്ത്രണം | 1-11 | |
| | ഭാഗം 2 | | |
| 12 | മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കിയില്ല - നഷ്ടം - 62802/- | 2-1 | |
| 13 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. നഷ്ടം 11140/- | 2-2 | |
| 14 | വാടക - അപാകതകൾ | 2-3 | |
| 15 | ഡി &ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ - അപാകതകൾ | 2-4 | |
| | ഭാഗം 3 | | |
| 16 | മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-1 | |
| 17 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 74,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 | |
| 18 | മുൻകൂർ നൽകിയ തുക രൂ. 2006400/- തുക - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് 2006400/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 19 | തെരുവ് വിളക്ക്, പൊതു ടാപ്പ് എന്നിവയുടെ പരിപാലനം | 3-4 | |
| 20 | ഇ.എം.എസ്. ഭവനം - പണി പൂർത്തീകരിച്ചില്ല | 3-5 | |
| | ഭാഗം-4 | | |
| 21 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 24 | വായ്പ/വിനിയോഗം/വീഴ്ചകൾ | 4-4 | |

| | | | |
|---|---|---|---|
| | എന്നിവയുടെ വിവരം | | |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 28 | ആശുപത്രി വികസന മസിതികളുടെ കണക്കുകൾ | 4-8 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 28.03.2015 ലെ തീരുമാനം നം. I |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 3,50,60,924.25 |
| വരവ് | 3,66,51,655.00 |
| ആകെ | 7,17,12,579.25 |
| ചെലവ് | 5,46,21,192.00 |
| നീക്കിബാക്കി | 1,70,91,387.25 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2348287 | 4537759 | 6886046 | 6886046 | --- | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 773683 | 4527662 | 5301345 | 5301345 | --- | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 57321 | 0 | 57321 | 11550 | 45771 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5488895 | 4939040 | 10427935 | 10427935 | --- | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2035856 | 154400 | 2190256 | 2190256 | --- | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2222965 | 4489828 | 6712793 | 4437805 | 2274988 | 0 |
| ലോക ബാങ്ക് സഹായം | 2217000 | 253330 | 2470330 | 253330 | 2217000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 197 | 131 | 47 | 19 | 66.50 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2328500 | 488816 | 21 |
| വെറ്ററിനറി സർജൻ | 4 | 4 | 497000 | 325550 | 65.5 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 2 | 1 | 732550 | 391197 | 53.4 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 1656700 | 1325443 | 80 |
| സെക്രട്ടറി | 22 | 14 | 5558160 | 2690867 | 48.4 |
| ഹെഡ് മാസ്റ്റർ ഗവ. എൽ.പി. | 7 | 5 | 1462500 | 1102170 | 75.4 |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ | | | | | |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 7 | 6 | 3670500 | 1099000 | 30 |
| അസിസ്റ്റന്റ് എൻജിനിയർ | 130 | 94 | 47044282 | 23902949 | 50.81 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 3048321 | 2092274 | 68.64 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18452060 | 12016482 | (-)6435578 | (-)34.88 |
| നികുതിയേതര വരവുകൾ | 1385751 | 1759352 | (+)373601 | (+) 26.96 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 155367 | 663704 | (+) 508337 | (+)327.18 |
| ആകെ | 19993178 | 14439538 | (-)5553640 | (-) 27.78 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസത്തി നകം തീരുമാനം എടുത്തവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 13 | 6 | 7 | |
| 2 | തൊഴിൽ രഹിത വേതനം | -- | -- | -- | |
| 3 | വിധവാ പെൻഷൻ | 62 | 57 | 5 | |
| 4 | വികലാംഗ പെൻഷൻ | 14 | 13 | 1 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | -- | |
| 6 | വാർദ്ധക്യകാല പെൻഷൻ | 322 | 291 | 31 | |

വരുമാന പരിധി അധികരിച്ചതിനാലും മറ്റ് പെൻഷൻ ഉള്ളതിനാലും നിരസിച്ചിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2016ന് സ്ഥാപനത്തിലെ അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 3643/- രൂപ നീക്കിയിരിപ്പിന്റെ

കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.9.2016 | 8/2016 | 7.10.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 13.7.2016 | 2011-12 മുതൽ 2015-16 വരെ | 6.9.2016 | ഇല്ല |

## 1-11 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ്

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അപേക്ഷകളിന്മേൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നുണ്ട്. സേവനം ആവശ്യപ്പെട്ടുവരുന്ന വർക്ക് അത്യാവശ്യ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ലഭ്യമാകുന്നുണ്ട്.

ഡി.ആന്റ്.ഒ.ലൈസൻസ്.

പഞ്ചായത്തിൽ ഡി.ആന്റ്.ഒ. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ പല അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നില്ല. അപൂർണ്ണമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്നത് ശരിയായ നടപടിയല്ല. സത്യവാങ്മൂലം സമർപ്പിക്കാത്ത് അപേക്ഷകളിൻമേലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷകളിൻമേൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി - യിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ബിൽ രജിസ്റ്റർ

ബിൽ രജിസ്റ്ററിൽ ചെക്ക് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പെർമിറ്റ് രജിസ്റ്റർ

പെർമിറ്റ് രജിസ്റ്ററിൽ, ചില കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കിയില്ല - നഷ്ടം - 62802/-

2015-16 വർഷത്തെ മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം/ഡിമാന്റ്/പിരിവ് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഈയിനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും ലഭിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ എണ്ണം, അവയിൽ നിന്നും പഞ്ചായത്തിന് കിട്ടേണ്ടതായ വരുമാനം എന്നിവ സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണയില്ലായെന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു. മൊബൈൽ ടവറുകളുടെ നികുതി പിരിവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1) ലഭിച്ച മറുപടിയിൽ നിന്നും ആകെ 8 മൊബൈൽ ടവറുകളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി. എന്നാൽ ഓഡിറ്റിന്റെ അന്വേഷണത്തിൽ 10 മൊബൈൽ ടവറുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇവയിൽ രണ്ടു ടവറുകളുടെ വിസ്തീർണ്ണം (റിലയൻസ് ഇൻഫ്രാടെൽ , ബി.എസ്.എൻ.എൽ. ) എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. പ്രധാന നികുതി സ്രോതസ്സുകളിൽ ഒന്നായ മൊബൈൽ ടവറുകളുടെ

കെട്ടിട നികുതി സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തത ഇല്ലാത്തതും, നികുതി പിരിക്കാത്തതും ഓഡിറ്റ് ഗൗരവമായി കാണുന്നു. നികുതി പിരിക്കാത്തതിനാൽ 2015-16 വർഷം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ പേര്/കെട്ടിട നം./നം.നൽകിയ വർഷം | ആകെ വിസ്തീർണ്ണം. | 30-11-2011 തീയ്യതിയിലെ 31-ാം നം. തീരുമാന പ്രകാരം അടയ്ക്കേണ്ട നികുതി. (ച.മീ.450/-) |
|---|---|---|---|
| 1 | വോഡാ ഫോൺ എസ്സാർ ലി.1/517-2010-11 | 10 എം$^2$ | 4500 |
| 2 | ഭാരതി എയർടെൽ.4/52-2008-09 | 15 | 6750 |
| 3 | ഭാരതി ഇൻഫ്രാടെൽ 7/187-2008-09 | 15 | 6750 |
| 4 | ഇൻഡസ് ടവർ7/668-2010-11 | 15 | 6750 |
| 5 | ഇൻഡസ് ടവേഴ്സ് ലി.8/8-2010-11 | 15 | 6750 |
| 6 | സർക്കിൾ ഓഫീസ് ടവർ വിഷൻ ഇന്ത്യ ലി.8/10-2014-15 | 43.56 | 19602 |
| 7 | റിലയൻസ് ഇൻഫോകോം ലി.10/379-2009-10 | 12 | 5400 |
| 8 | ഐഡിയ സെല്ലുലാർ ലി.14/417-(നിർണ്ണയ വിവരം ഇല്ല) | 14 | 6300 |
| | ആകെ (8 ടവറുകളുടെ നികുതി) | | 62802/- |

കെട്ടിട നികുതിയിനത്തിൽ 2015-16 വർഷത്തെ നഷ്ട തുകയായ 62802/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ട താണ്. നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാതെ മേൽ സൂചിപ്പിച്ച 2 ടവറുകൾ നിലനിർത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതും ടി ടവറുകളുടെ നികുതി എത്രയും വേഗം നിർണ്ണയം നടത്തി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.നഷ്ടം - 11140/-

ഗാർഡ്യൻ പബ്ളിക് സ്കൂളിൽ നിന്നും 2015-16 ഒന്നാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്. ( തൊഴിൽ നികുതി രജിസ്റ്റർ പേജ്.9)

| ജീവനക്കാരന്റെ പേര് | ആകെ അർദ്ധ വർഷ വരുമാനം | പിരിച്ച നികുതി/ രസീത് നം. | പിരിക്കേണ്ടത് | കുറവ് |
|---|---|---|---|---|
| ധന്യ രാമചന്ദ്രൻ | 62288 | 400/- 11501105929-31-10-2015 | 600 | 200 |
| അഞ്ജലി | 63388 | 400/- | 600 | 200 |

| | | | | |
|---|---|---|---|---|
| രാജപ്പൻ | | 11501105929-31-10-2015 | | |
| മായ എ.എം. | 60280 | 400/- 11501105929-31-10-2015 | 600 | 200 |
| ജെലീക്കാ | 49924 | 300/- 11501105929-31-10-2015 | 450 | 150 |
| രെഞ്ജു ജോസഫ് | 27000 | 90/- 11501105929-31-10-2015 | 180 | 90 |
| ദുർഗ്ഗാ.കെ. | 26656 | 120/- 11501105929-31-10-2015 | 180 | 60 |
| പ്രസന്നാ മാണി | 26656 | 120/- 11501105929-31-10-2015 | 180 | 60 |
| സതി സുരേഷ് | 25796 | 90/- 11501105929-31-10-2015 | 180 | 90 |
| ശ്രീജാ ഷാജി | 26656 | 90/- 11501105929-31-10-2015 | 180 | 90 |
| ആകെ | | | | 1140 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 1140/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഇടാക്കേണ്ടതാണ്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (തൊഴിൽ നികുതി രജിസ്റ്റർ പേജ്. 81-92) നഷ്ടം - 10000/-

| സ്ഥാപനം | അർദ്ധവർഷം | ജീവനക്കാരുടെ നികുതി ഈടാക്കിയ വിവരം | ഈടാക്കേണ്ട തുക |
|---|---|---|---|
| മാവേലി സ്റ്റോർ പഴഞ്ഞോട്ടം | 2015-16 (Full) | 11501103724/ 13-08-15 11501108700/ 23-02-2016 | 2500 |

| | | | |
|---|---|---|---|
| പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവ്വീസസ് | " | 11501104559/ 18-09-2015 1150109860/ 21-03-2016 | 2500 |
| ഗ്രീൻ വാലി ബിവറേജസ് ഇന്ത്യ പ്രൈ.ലി.- യൂണിറ്റ് 1 | " | 11501104431/ 14-09-15 11501109343/ 09-03-16 | 2500 |
| ഗ്രീൻ വാലി ബിവറേജസ് ഇന്ത്യ പ്രൈ.ലി.- യൂണിറ്റ് 2 | " | 11501104430/ 14-09-15 115011093431/ 09-03-16 | 2500 |
| ആകെ | | | 10,000/- |

2015-16 വർഷം ഈടാക്കാത്ത സ്ഥാപന തൊഴിൽ നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

3.അഭിഭാഷകരുടെ തൊഴിൽ നികുതി ഈടാക്കാത്തത്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ മൂന്ന് കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട്.((തൊഴിൽ നികുതി രജിസ്റ്റർ പേജ് 14,16) എന്നാൽ കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ പൊതുവോ,സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നവർ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് ആയ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്ന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിക്കാതിരുന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. അഭിഭാഷകരുടെ തൊഴിൽ നികുതി (2015-16) ഡിമാൻറ് ചെയ്യാനും, പിരിച്ചെടുക്കാനും സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതണ്.

## 2-3 വാടകയുടെ പരിശോധന അപാകതകൾ

2015-16 വർഷം വാടക സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക പിരിച്ചതിൽ പിഴ പലിശ ഈടാക്കിയില്ല. നഷ്ടം 6350/-

ശ്രീ.ബാവച്ചൻ വർഗ്ഗീസ്, കൊടിയാംപാറയിൽ എന്നയാൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ള നം. VI/411 കെട്ടിടത്തിന്റെ വാടക പിരിച്ചതിന് പിഴപലിശ ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| കുടിശിക മാസങ്ങൾ/ അടയ്ക്കേണ്ട തീയതി | ഒരു മാസത്തെ വാടക | ആകെ പിരിച്ചത്/ ഈടാക്കിയ തീയ്യതി. | രസീത് നം./തീയ്യതി. | ഈടാക്കേണ്ട പിഴ പലിശ |
|---|---|---|---|---|
| ഓഗസ്റ്റ്/ സെപ്റ്റംബർ-2015 9 മാസം | 13230 | 26460/ 14-01-2016 | 11501107785/ 14-01-2016 | 2381/- |
| ഒക്ടോബർ,നവംബർ, ഡിസംബർ/2015, ജനവരി,ഫെബ്രുവരി 15 മാസം | " | 79380/ 01-03-2016 | 11501109044/ 01-03-2016 | 3969/- |

| ആകെ | | | | 6350/- |
|---|---|---|---|---|

പിഴ പലിശ ബന്ധപ്പെട്ട വാടകക്കാരനിൽ നിന്നോ,ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് നിയമപ്രകാരം പാലിക്കേണ്ട നിബന്ധനകൾ പാലിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്തീരാജ് ആക്ട് 254 ാം വകുപ്പ് പ്രകാരം (ഐറ്റം xxxvii) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ബൈലാ ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുകയും ,വാടകക്കാരൻ അത് കരാർ പ്രകാരം അല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളാവുകയും ചെയ്യുന്നുണ്ട്. 2005 ലെ കേരള പഞ്ചായത്തീരാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ ചട്ടം 7(3) പ്രകാരം ,വാടകക്കാരൻ വാടകയ്ക്ക് എടുത്ത കെട്ടിടം മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കാനോ അതിന്റെ ഉപയോഗം മാറ്റാനോ പാടില്ലാത്തതാകുന്നു. വാടക സംബന്ധിച്ച ബൈലാ ഉണ്ടാക്കേണ്ടതും വാടകയ്ക്ക് എടുത്തയാൾ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നുണ്ടോ എന്നത് പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.പഞ്ചായത്തിൽ ആകെ 25 കെട്ടിടങ്ങൾ ആണ് വാടകയ്ക്ക് കൊടുത്തിരിക്കുന്നത്. വാടകയുടെ നിരക്ക് വളരെ കുറഞ്ഞ തുകയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാടക കാലികമായി പരിഷ്കരിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയത് – അപാകതകൾ

2015-16 വർഷത്തെ ഡി& ഒ ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കുറഞ്ഞ തുക ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ഒരു ദിവസത്തെ വിറ്റ് വരവ് | ഈടാക്കിയ ഫീസ് | രസീത് നം./ തീയ്യതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| ഡെൻസ് പെട്രോളിയം, കോലഞ്ചേരി. | 116 | 85000/- | 1000/- | 1104051/ 26-08-2015 | 2000/- | 1000/- |

1. ഈടാക്കേണ്ട 1000/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. എല്ലാ വർഷവും ഫെബ്രുവരി മാസം ഫീസ് അടച്ച് പുതുക്കേണ്ട ഡി&ഒ ലൈസൻസ് ഫീസ് 26-08-2015 ൽ ആണ് പിരിച്ചത്.(ബിലേറ്റഡ് ഫീസ്-250/- രൂപ കളക്ട് ചെയ്തിട്ടുണ്ട്.). 26-08-2015 വരെ ഈ സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത് . പെട്രോൾ പമ്പ് പോലെയുള്ള സുരക്ഷ ആവശ്യമുള്ള സ്ഥാപനം ഇപ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

3.ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

കെട്ടിട നം 394-എ യിൽ പ്രവർത്തിക്കുന്ന ദിൽ ദിയ ഓട്ടോമൊബൈൽസ് (എൻ.ജി.രാധാകൃഷ്ണൻ, നടക്കപറമ്പിൽ, മേക്കടമ്പ്.) എന്ന സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായി. 10-09-2015 തീയ്യതി കെട്ടിട നം (രസീത് നം.11501104335/10-09-2015-4490 /-രൂപ)നൽകിയ ഈ കെട്ടിടത്തിൽ വർക്ക് ഷോപ്പ് ആണ് പ്രവർത്തിക്കുന്നത്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനം നടത്തുന്നതിന് വേണ്ടി ലഭിച്ച സർട്ടിക്കറ്റ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സർട്ടിഫിക്കറ്റ് നൽകിയ സ്ഥാപനം | നം./തീയ്യതി. |
|---|---|---|
| 1. | പൊല്യൂഷൻ കൺട്രോൾ | PCB/EKM/DO2/IAE-328/14 Dtd.15.12-14(15-12-14-14-12-17 |

| | | |
|---|---|---|
| | ബോർഡ്. | |
| 2. | ജില്ലാ മെഡിക്കൽ ഓഫീസർ | L.Dis(C2)19409/14 Dtd 11-11-2014 |
| 3. | ഫയർ ആന്റ് റസ്ക്യൂ | G-7139/15 Dtd.18-08-15 |

2015 സെപ്റ്റംബർ മാസം പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ പരിസരത്ത് തന്നെ പ്രവർത്തിക്കുന്ന സ്ഥാപനം ആണ് ഇത്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ ഡി&ഒ ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ, നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

പ്രേജക്ട് നമ്പർ – 46/16
ചെലവ് വിവരം – ബിൽ നമ്പർ – 3/15-16
തുക – 2,88,507/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

"കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം "എന്ന പദ്ധതിയിൽപ്പെടുത്തി, മേല്പറഞ്ഞ ബില്ലിലെ ചെലവിലുൾപ്പെടുത്തി പ്രോഫോർമ ഇൻവോയ്സ് 3973/17.3.2016 പ്രകാരം 1,00,000/- , 2590/12.2.16 പ്രകാരം 50,000/- എന്നിങ്ങനെ 1,50,000/- രൂപ മെഡിക്കൽ സർവ്വീസസ് കോർപറേഷനിൽ നിന്നും മരുന്നുകളും വിവിധ തരത്തിലുള്ള ക്രച്ചസ്, വീൽചെയർ, വാട്ടർ ബെഡ്, മുതലായ വിവിധ തരത്തിലുള്ള ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവാക്കിയിട്ടുണ്ട്.. എന്നാൽ ഇതു പ്രകാരമുള്ള മരുന്നുകളോ, ഉപകരണങ്ങളോ ഇതുവരെ ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടില്ല. മുൻകൂറായി തുക നൽകിയിട്ടും മരുന്നുകളോ, ഉപകരണങ്ങളോ ഇതുവരെ ലഭ്യമാക്കാത്തത് പദ്ധതി നടത്തിപ്പിലെ അപാകതയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (No.14)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുക 1,50,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 74,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വർഷത്തിൽ - ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നം. എസ്. 0191/16 – തുടർ സാക്ഷരത പരിപാടി

ചെലവഴിച്ച തുക – 45,470/- (തനത് ഫണ്ട്) – “അതുല്യം” വിദ്യാഭ്യാസ പരിപാടി
ചെക്ക് നം – 59218/11.09.2015

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 6 ഇൻസ്ട്രക്ടർമാർക്ക് 5 മാസത്തേക്ക് 1000/- രൂപ നിരക്കിൽ 30,000/- രൂപയും ഒരു കോർഡിനേറ്റർക്ക് 6 മാസത്തേക്ക് 1000/- രൂപ നിരക്കിൽ 6000/- രൂപയും ഹോണറേറിയം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് നൽകിയ തുകയുടെ അക്വിറ്റൻസ് പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ 36,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം. എസ്. 0192/16 – എസ്.സി. കുട്ടികൾക്ക് പഠനോപകരണം -മേശ, കസേര.

ചെലവഴിച്ച തുക – 1,46,300/- (പ്ലാൻ ഫണ്ട്) ബിൽ നം. 1/15-16/12.11.2015

ടി പദ്ധതി പ്രകാരം എറണാകുളം ജില്ലാ സഹകരണ കൺസ്യൂമർ സ്റ്റോറിൽ നിന്നും 38 സ്റ്റീൽ മേശകൾ 2400/- നിരക്കിലും 38 സ്റ്റീൽ കസേരകൾ 1450/- നിരക്കിലും വാങ്ങിയിട്ടുണ്ട്. 16.11.2013ലെ ജി.ഒ (എം.എസ്) 362/2013 നമ്പർ 12ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതി നടപ്പാക്കുമ്പോൾ സ്കൂൾ അധികൃതർ

സാക്ഷ്യപ്പെടുത്തിയ കുട്ടികൾക്ക് മാത്രമെ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യാൻ പാടുള്ളൂ. കൂടാതെ പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. എന്നാൽ ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കുട്ടികൾക്ക് മേശയും കസേരയും വിതരണം ചെയ്തിരിക്കുന്നത് സ്കൂൾ അധികൃതർ മുഖേനയാണെന്നുള്ളതിനോ പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ളതിനൊ രേഖകളില്ല. കൂടാതെ താഴെ സൂചിപ്പിക്കുന്ന കുട്ടികൾക്ക് അവർ പഠിക്കുന്ന സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രവും ലഭ്യമല്ല.

1. ആഷ്ന എം. ടി, D/o എം. കെ തങ്കപ്പൻ

2. അനിൽ ഗോപി, S/o ഗോപി പി കെ

3. സ്വാമിനാഥൻ പി എസ്, S/o സുരേഷ് പി വി

4. സൂര്യ എൻ സി, D/o ചന്ദ്രൻ എൽ ടി

5. ഗോപിക, D/o കോമളം ബാബു

6. വിഷ്ണു മോഹനൻ, S/o മോഹനൻ

7. രശ്മി കുഞ്ഞുമോൻ, D/o കുഞ്ഞുമോൻ

8. ദേവിക പ്രസാദ്, D/o പ്രസാദ് ഇ. എ

9. ആതിര ബാലൻ, D/o പ്രേമലത ഇ. എ

10.ഗിരീഷ് ബി, S/o ബിജു എം. എ –
ഗിരീഷ് ബി 2015 മാർച്ചിൽ പത്താം ക്ലാസ്സ് പാസ്സായതിന്റെ സർട്ടിഫിക്കറ്റ് ഫയലിലുണ്ട്. ഈ കുട്ടിക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ഹാജരാക്കാത്തതിനാൽ 38,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 മുൻകൂർ നൽകിയ തുക രൂ.2006400/-- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് 2006400/- രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 21400/- രൂപ തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ഡി.ഡി നം./ തിയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB, | പെരുവുംമുഴി അംഗൻവാടിയിലേക്ക് പോസ്റ്റിട്ട് ലൈൻ വലിക്കൽ – 44/16 | ചെക്ക് നം. 469778 തിയതി 27.7.2015 | 21400 |

ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 1985000/- രൂപ തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ഡി.ഡി നം./ തിയതി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KWA | നരിച്ചിലംകോട് കുടിവെള്ള പദ്ധത – 175/16 | ബിൽ നം. 85/15-16/ 31.3.2016 | 1700000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 8,9 – 188/16 | ബിൽ നം. 76/15-16/ 31.3.2016 | 285000 |
| | | ആകെ | 1985000 |

## 3-4 തെരുവ് വിളക്ക്,പൊതു ടാപ്പ് എന്നിവയുടെ പരിപാലനം

2015-16 വർഷം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടേയും, പൊതു ടാപ്പുകളുടേയും വിവരം പരിശോധിച്ചു. 2015 ഏപ്രിൽ മാസവും 2016 മാർച്ച് മാസവും അടച്ച വെള്ളക്കരം,വൈദ്യുതി ചാർജ് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 2015 ഏപ്രിൽ മാസം അടച്ച ചാർജ്./വൗച്ചർ നം./തീയ്യതി | 2016 മാർച്ച് മാസത്തെ ചാർജ്/വൗച്ചർ നം/തീയ്യതി |
|---|---|---|
| പൊതു ടാപ്പ് | 168000/-42/4/2015-22 /4/2015 | 168000/-995 /3/2016-23-03-2016 |
| തെരുവ് വിളക്ക് | 62064/-18/4/2015-07 /04/2015 | 62064/-959 /3/2016-15-03-2016 |

1. തെരുവ് വിളക്ക്, പൊതു ടാപ്പ് എന്നിവയുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നിവയും ഗ്രാമ പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സമയാസമയങ്ങളിൽ ഗ്രാമ പഞ്ചായത്തും, കെ.എസ്. ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നിവയും ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്നവയുടേയും ഉപയോഗമില്ലാത്തവയുടേയും എണ്ണം തിട്ടപ്പെടുത്തു കയും തെരുവ് വിളക്ക് വൈദ്യുതി ചാർജ്, വെള്ളക്കരം എന്നീ ഇനങ്ങളിൽ ഒടുക്കുവരുത്തുന്ന തുകയുടെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

3. സോഡിയം വേപ്പർ ലാമ്പുകൾക്ക് പകരം സി.എഫ്.എൽ ലൈറ്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉപയോഗം കുറക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഇ.എം.എസ്. ഭവനം - പണി പൂർത്തീകരിച്ചില്ല

2015-16 വർഷത്തിൽ ഇ.എം.എസ്. ഭവനത്തിനായി കരാർ വെച്ച താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം, ഗ്രാമ പഞ്ചായത്ത് | നൽകിയ ഗഡുക്കൾ | തുക നൽകിയ തിയതി | നൽകിയ തുക |
|---|---|---|---|---|
| 1 | സുരേന്ദ്രൻ.പി,സി.പേങ്ങര മോളത്ത്, കടയിരുപ്പ് | 1 | 28.06.10 | 30,000/- |
| | | II | 06.07.10 | 40,000/- |
| | | III | 27.08.10 | 20,000 |

| | | | | |
|---|---|---|---|---|
| 2 | എം.കെ.കൃഷ്ണൻകുട്ടി, മാരിയിൽ വീട്, പഴന്തോട്ടം | I | 19.07.2010 | 20,000/- |
| 3 | രാമകൃഷ്ണൻ.എം.എസ്, മേളംകുന്നത്ത്, കടയിരുപ്പ് | I | 23.01.2010 | 10,000/- |
| | | II | 18.03.2010 | 20,000/- |
| | | III | 22.03.2010 | 20000/- |
| | | IV | 27.07.2010 | 15000/- |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 62,500 | ശാരീരിക മാനസിക വെല്ലുവിളികളുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നം.എസ് 005/16 | 62,500 | 0 |
| ജില്ലാ പഞ്ചായത്ത് | 51,931 | | 51,931 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം (KSEB, KWA, GWD എന്നിവയിലെ വിവരം പ്രത്യേകം ഉൾപ്പെടുത്തുക)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | നരിച്ചിലംകോട് കുടിവെള്ള പദ്ധതി – 175/16 | ബിൽ നം. 85/15-16/ 31.3.2016 | 1700000 | 0 | --- | 1700000 |
| KWA | ചങ്ങംചിറ കുടിവെള്ള പദ്ധതി – 151/16 | ചെക്ക് നം. 566009 തിയതി 25.7.2015 (തനത് ഫണ്ട്) | 75000 | 0 | --- | 75000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 8,9 – 188/16 | ബിൽ നം. 76/15-16/ 31.3.2016 | 285000 | | --- | 285000 |

| | | | | | | |
|---|---|---|---|---|---|---|
| KSEB, | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ – 41/16 | ചെക്ക് നം. 566009 തിയതി 25.7.2015 – 8876/- ചെക്ക് നം. 58973 തിയതി 23.7.2015- 7970/- ചെക്ക് നം. 59230 തിയതി 23.9.2015 – 7000/- ചെക്ക് നം. 59229 തിയതി 22.9.2015 – 6945/- | 30791 | 0 | --- | 30791 |
| KSEB, | പെരുവ്വംമൂഴി അങ്കണവാടിയിലേക്ക് പോസ്റ്റിട്ട് ലൈൻ വലിക്കൽ – 44/16 | ചെക്ക് നം. 469778 തിയതി 27.7.2015 (തനത് ഫണ്ട്) | 21400 | 0 | --- | 21400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക ക്രമീകരിച്ചു

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5204187 |
| തൻവർഷം നിക്ഷേപിച്ച തുക | 7500000 |
| ആകെ | 12704187 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12704187 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|

| | | |
|---|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 204187 | 951143 / 17.8.2014 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 5000000 | 7385/1 – 21.12.2015 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് - സ്ഥിര നിക്ഷേപം | 7500000 | 7385/2 – 22.3.2016 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 54370/- രൂപ ഈടാക്കിയിട്ടുണ്ട്

| Details of Audit recovery collected during | | | |
|---|---|---|---|
| Audit Report | Para No. | Amount | Remitted by |
| LFA 2012-13, 2013-14 | 2-1 | 12321 | M.D. Synthite Industries |
| LFA 2012-13, 2013-14 | 2-2 | 1534 | M.D. Synthite Industries |
| LFA 2012-13, 2013-14 | 3-6 | 477 | V.P. Saju |
| LFA 2012-13, 2013-14 | 3-6 | 490 | Sreelatha |
| LFA 2012-13, 2013-14 | 3-6 | 465 | Sajeela |
| LFA 2012-13, 2013-14 | 3-6 | 240 | Thankamma |
| LFA 2012-13, 2013-14 | 3-9 | 150 | Sreelatha |
| LFA 2012-13, 2013-14 | 3-9 | 150 | Sajeela |
| LFA 2012-13, 2013-14 | 3-11 | 1631 | Sajeela |
| LFA 2012-13, 2013-14 | 3-17 | 601 | Sajeela |
| LFA 2012-13, 2013-14 | 3-6 | 451 | Anilkumar |
| LFA 2012-13, 2013-14 | 3-9 | 600 | Anilkumar |
| LFA 2012-13, 2013-14 | 3-6 | 643 | Saju peter |
| LFA 2012-13, 2013-14 | 3-6 | 397 | Baiju George |

| | | | |
|---|---|---|---|
| LFA 2012-13, 2013-14 | 3-9 | 900 | Baiju George |
| LFA 2012-13, 2013-14 | 3-6 | 1009 | S. Lekshmanan |
| LFA 2012-13, 2013-14 | 3-1 | 28348 | Asst. Engineer,LSGD |
| LFA 2012-13, 2013-14 | 3-1 | 2662 | Asst. Engineer, LSGD |
| LFA 2012-13, 2013-14 | 3-2 | 1301 | Asst. Engineer, LSGD |
| Total | | 54370 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36651655 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54621192 |
| വരവിനങ്ങളിലുള്ള നഷ്ടം | 81292 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2230900/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 62802 | ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| 2-2 | 11140 | ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| 2-3 | 6350 | ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| 2-4 | 1000 | ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| | 81292/- | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 150000 | ഡോ. രാജലക്ഷ്മി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-2 | 74500 | ശ്രീ. രാജൻ.സി.കെ, ഹെഡ് മാസ്റ്റർ, ജി. എൽ.പി.എസ്, കടയിരുപ്പ് |
| 3-3 | 21400 | ശ്രീ. ടി വി വാസുദേവ ശർമ്മ, സെക്രട്ടറി |
| 3-3 | 1985000 | ശ്രീ. റ്റി.എം.ദനേശ്, അസിസ്റ്റന്റ് എൻജിനിയർ |
| | 2230900 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീ. ടി വി വാസുദേവ ശർമ്മ | സെക്രട്ടറി, ഐക്കരനാട് ഗ്രാമ പഞ്ചായത്ത് | തമ്മഴത്ത് മഠം, പാവക്കുളങ്ങര, തൃപ്പൂണിത്തുറ. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.ഇ.(പി1) 1105/2001 തിയതി 13.11.2002 | 18 |
| 2000-01 | എൽ.എഫ്.ഇ.(പി1)37/02 തിയതി.03.04.2003 | 18 |
| 2001-02 | എൽ.എഫ്.ഇ.(പി1)359/05 തിയതി.13/12/2005 | 3 |
| 2002-03 | എൽ.എഫ്.ഇ.(പി1) 38/05 തിയതി.03/04/2006 | 6 |
| 2003-04 | എൽ.എഫ്.ഇ.(പി1) 731/08 തിയതി.02/06/08 | 3 |
| 2004-05 | എൽ.എഫ്.ഇ.(പി1) 1051/10 തിയതി.01/02/2011 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി1) 1268/09 തിയതി.07/06/2011 | 7 |
| 2006-07 | എൽ.എഫ്.ഇ.(പി1) 1269/09 തിയതി.13/02/2012 | 4 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.24/08/2012 | 4 |
| 2008-09 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.24/08/2012 | 1 |
| 2009-10 | എൽ.എഫ്.ഇ.(പി1) 220/14 തിയതി.05/05/2014 | 12 |
| 2010-11 | എൽ.എഫ്.ഇ.(പി1) 1391/12 തിയതി.10/09/2012 | 3 |
| 2011-12 | എൽ.എഫ്.ഇ.(പി1)765/16 തിയതി.24/09/2016 | 3 |
| 2012-13 2013-14 | കെ.എസ്.എ.ഇ.കെ.എം(പി1) 1460/2016 തിയതി.24/09/2016 | 3 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി1) 1196/2016 തിയതി.16/07/2016 | 7 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം(പി1)1921/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, എറണാകുളം
കാക്കനാട് – 682030
ഫോൺ. 0484 2422271
e-mail.doekm.ksad@kerala.gov.in
തീയതി. 30.11.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ANNEXURE I

AUDIT CERTIFICATE

KSA-EKM (P1) 1921/2016

Kerala State Audit
District Audit Office,
Civil Station,Ernakulam.
Kakkanad-682030
Phone. 04842422271
email.doekm.ksad@kerala.gov.in
Date. 30.11.2016

Certified that I have audited the Annual Financial Statement of Ikkaranadu Grama Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Ikkaranadu Grama Panchayat for the year 2015-16 except the observations in my audit report prrperly presents the picture of income and expenditure.

Deputy Director

.